**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1859** **05.02.2019-ൽ മറുപടിയ്ക്ക്**

## സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സബ്റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കൊണ്ടോട്ടി, ഫറോക്ക്, പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ആർ.ടി ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി ദക്ഷിണ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ചാത്തന്നൂരിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്താണെന്ന് വിശദമാക്കാമോ? | (ബി) | ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ചാത്തന്നൂരിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ